AKPCTA

# Kerala Private College Teacher

No. 58

SEPTEMBER 1985

# Kerala Private College Teacher

**AKPCTA Journal**

September
1985

**NO. 58**

Re. 1

**Annual Subscription Rs. 10**



*Editorial Board*

*Chairman*
**T. Gopalakrishnan**

*Chief Editor*
**V. N. Murali**

*Members*
V. Narayanan Kutty
T K G Nair,
Nanniyodu Ramachandran,
R. Raveendran Nair,
N. N. Anandan,
K. N. Ganesh
Thankan P. Tholicodu
N. P. Hafeez Muhammed



Address:

*Chief Editor*
*Vasantham,*
*Chempakassery Nagar,*
*Kesavadasapuram,*
*Trivandrum-4*


## സര്‍സെയ്ദ് കോളേജ്:

## പിരിച്ചുവിടല്‍നീക്കത്തിനെതിരേ സമരം

സര്‍വ്വകലാശാലാ നിയമങ്ങളും നിര്‍ദ്ദേശങ്ങളും ധിക്കരിച്ചുകൊണ്ട് അധ്യാപകരെ പിരിച്ചുവിടാന്‍ സര്‍സെയ്ദ് കോളേജ് മാനേജ്മെന്‍റു നടത്തുന്ന നീക്കത്തിനെതിരേ കോളേജിനുമുമ്പില്‍ സമരം ആരംഭിക്കാന്‍ എ കെ പി സി ടി എ തീരുമാനിച്ചു. ജൂണ്‍ 11 ന് ഇതേ ആവശ്യം മുന്‍നിര്‍ത്തി ഒരു സൂചനാസമരം സംഘടന നടത്തിയിരുന്നു.

1979–മുതല്‍ തന്നെ നിയമാനുസൃതം നിയമിക്കപ്പെട്ട സുവോളജി അധ്യാപകനായ ശ്രീ. അന്‍സാരിയേയും ഹിസ്ററി അധ്യാപകനായ ശ്രീ. പത്മനാഭനേയും പിരിച്ചുവിടാനാണ് മാനേജ്മെന്‍റ് നീക്കം. സ്ഥിരമായ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ച മാനേജ്മെന്‍റ്, ഈ അധ്യാപകരെ ആദ്യംവന്നലീവ് ...ന്‍സികളില്‍ നിയമിച്ചു. റഗുലര്‍ ...ന്‍സിവരുന്നമുറയ്ക്ക് താല്ക്കാലിക ...തികകളില്‍ ജോലിചെയ്യുന്ന അധ്യാ...ര സീനിയോറിററിയുടെ അടിസ്ഥാനത്തില്‍ റഗുലറൈസ് ചെയ്യണമെന്നാണ് ചട്ടം. എന്നാല്‍ മാനേജ്മെന്‍റ് അതിനുതയാറാകാതെ സ്ഥിരമായ ഒഴിവുകളില്‍ രണ്ടു പുതിയ അധ്യാപകരെ നിയമിക്കുകയും ശ്രീ. അന്‍സാരിയേയും പത്മനാഭനേയും ലിവ്വേക്കന്‍സിയില്‍ തന്നെ തളച്ചിടുകയും ചെയ്തു.

സെപ്ത : 22 ന് എറണാകുളത്തു കൂടിയ പ്രവര്‍ത്തകസമിതി, ഇപ്പോഠം നിയമസഭയില്‍ അവതരിപ്പിച്ചിട്ടുള്ള, താല്ക്കാലിക തസ്തികകളില്‍ നിയമിക്കപ്പെടുന്ന അധ്യാപരുടെ സേവനസ്ഥിരത ഉറപ്പുവരുത്തുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള സര്‍വ്വകലാശാലാ നിയമഭേദഗതി ബില്ല് പാസ്സാക്കണമെന്ന് കേരള നിയമസഭയോടും ഗവണ്‍മെന്‍റിനോടും അഭ്യര്‍ത്ഥിച്ചു.

മുഖപ്രസംഗം:

# ഐക്യത്തിൻെറ കരുത്തുതെളിയിച്ച പണിമുടക്ക്

പിരിച്ചുവിടലിനു മുമ്പിൽപോലും പതറാതെ, യുദ്ധമുന്നണിയിലെ ആത്മവീര്യവുമായി സംസ്ഥാന ജീവനക്കാരും അധ്യാപകരും ആഗസ്ററ് 7 മുതൽ 18 വരെ നടത്തിയ പണിമുടക്കം പലതരത്തിൽ പ്രാധാന്യമർഹിക്കുന്നു. ശമ്പളപരിഷ്ക്കരണം അട്ടിമറിക്കാനുള്ള ഗവൺമെൻറ് തന്ത്രം പൊളിക്കാൻ ഈ പണിമുടക്കിനുകഴിഞ്ഞു. അഞ്ചുവർഷത്തിലൊരിക്കൽ ശമ്പളപരിഷ്ക്കാരമെന്നത് സ്ഥാപിച്ചെടുത്തു. അഞ്ചുമാസത്തെ കുടിശ്ശികയും നേടി പണിമുടക്കിൻെറ കരുത്തുമായി തട്ടിച്ചുനോക്കുമ്പോൾ ഈ നേട്ടങ്ങൾ അത്രവലുതല്ലെങ്കിലും ഇത്രത്തോളം നേടുവാനായത് പണിമുടക്കിൻെറ വിജയം കൊണ്ടുമാത്രമാണ്.

സമരത്തെ അടിച്ചമർത്താൻ സർക്കാരും, ഭരണമുന്നണി ഏകോപനസമിതിയും കാണിച്ച വ്യഗ്രത അവരുടെ തനിനിറം വ്യക്തമാക്കുന്നു. പണിമുടക്കി എന്ന ഒററക്കാരണത്താൽ സെക്രട്ടേറിയററിലെ അഡി: സെക്രട്ടറി ശ്രീ. സി. ജെ. ജോസഫിനെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. 'എസ്മ' പോലുള്ളകരിനിയമങ്ങളുപയോഗിച്ച് നിരവധി ജീവനക്കാരെ അറസ്ററു ചെയ്തു. കള്ളക്കേസുകളുടെ പരമ്പരതന്നെയുണ്ടായി. പക്ഷേ ഇതൊന്നും ജീവനക്കാരെ പിറകോട്ടടിച്ചില്ല. സമരം ആരംഭിച്ചപ്പോൾതന്നെ എഴുപതു ശതമാനം പേർ സമരത്തിലാണെന്ന് സർക്കാർപോലും സമ്മതിച്ചു. ഓരോദിവസവും കഴിഞ്ഞപ്പോൾ കൂടുതലാളുകൾ സമരത്തിൽ അണിചേർന്നു.

പ്രൈവററ് കോളേജധ്യാപകരിൽ ബഹുഭൂരിപക്ഷവും ഈ സമരം വിജയിപ്പിക്കാൻ മുന്നിട്ടിറങ്ങുകയുണ്ടായി. ഡൈസ്നോണിൻെറ ഭീഷണി വിലപ്പോയില്ല. യോജിച്ച സമരങ്ങളെപരിഹസിച്ചിരുന്ന ചിലകടലാസ്സുസംഘടനകൾക്കുപോലും സമരം പ്രഖ്യാപിക്കേണ്ടിവന്നു. (അവരുടെ നേതാക്കന്മാരുൾപ്പെടെ സമരം ചെയ്തില്ലെന്ന സത്യം അവശേഷിക്കുന്നു). കൂട്ടായ സമരങ്ങൾ വളർത്തിയെടുക്കണമെന്ന എ കെ പി സി ടി എ നയം കൂടുതൽ ശരിയാണെന്നു തെളിയിക്കപ്പെട്ടു. പ്രൈവററ് കോളേജുകളിലാകെ സമരം വിജയമായിരുന്നുവെങ്കിലും ചിലദൗർബല്യങ്ങളുണ്ടായത് മറന്നുകൂടാ. പണിമുടക്കുമൂലം ഒട്ടുമിക്കകോളേജുകളും അടഞ്ഞുകിടന്നപ്പോൾ വനിതാകോളേജുകൾ പ്രവർത്തിച്ചുവെന്നത് നമ്മൾ കാണണം. അധ്യാപികമാരെ പൊതുവിൽത്തന്നെ സമരത്തിൻെറ ആവശ്യകത പറഞ്ഞു മനസ്സിലാക്കുന്നതിൽ നമ്മൾ വിജയിച്ചിട്ടില്ല.

സമരത്തിനുകാരണമായിത്തീരുന്ന സാഹചര്യത്തെക്കുറിച്ച് ആഴത്തിലുള്ള പഠനങ്ങളും ചർച്ചകളും നടക്കേണ്ടതുണ്ട്. ഓരോദിവസം കഴിയുംതോറും ജീവിതസാഹചര്യങ്ങളിൽ വരുന്ന തകർച്ചയുടെ അടിസ്ഥാനകാരണങ്ങൾ വിലയിരുത്തണം. വിലക്കയററം, പണപ്പെരുപ്പം എന്നിവ നിത്യസംഭവങ്ങളായിരിക്കുന്നു. സർക്കാരിൻെറ തെററായ സാമ്പത്തിക നയത്തിൽ നിന്നാണിതുണ്ടാവുക. ഇതിൻെറ ആഘാതം ഏല്ക്കേണ്ടിവരുന്നതാകട്ടെ ജീവനക്കാർക്കും. സാമ്പത്തിക നയങ്ങളിൽ ഗവൺമെൻറ് മാററംവരുത്താതിരുന്നാൽ ജീവനക്കാരുടെ ദുരിതം വർദ്ധിക്കുകയേഉള്ളൂ. ക്ഷാമബത്തയ്ക്കും മററുമുള്ള

# ഉന്നത വിദ്യാഭ്യാസ രംഗത്ത്
# 'തമ്പുരാൻ പല്ലക്ക്'

“അസമത്വം കുറയുന്നതിനു പകരം വർദ്ധിച്ചുവെന്നതാണ് നമ്മുടെ വിദ്യാഭ്യാസ പ്രശ്നങ്ങളിലൊന്ന്” എന്ന് നമ്മുടെ മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിതന്നെ ഒരിക്കൽ പറയുകയുണ്ടായി. സ്വാതന്ത്ര്യം കിട്ടി മുപ്പത്തിയെട്ടുവർഷം കഴിഞ്ഞിട്ടും ഇത് കൂടിക്കൂടി വരികയാണ്. കേന്ദ്ര–സംസ്ഥാന ഗവൺമെൻറുകളുടെകമ്മിഷൻ റിപ്പോർട്ടുകളിലും വിദ്യാഭ്യാസരേഖകളിലുമെല്ലാം ജനങ്ങളെ സമ്പന്നർ–ദരിദ്രർ എന്ന് കൂടുതൽ അകററാനും സമ്പന്നർക്കായി മാത്രം വിദ്യാഭ്യാസം ചുരുക്കാനുമുള്ള തന്ത്രം ആവിഷ്കരിച്ചിരിക്കുകയാണെന്നതിന്റെ തന്നെ ഭാഗമായാണ് വിദ്യാഭ്യാസ രംഗത്ത് അധികാര കേന്ദ്രീകരണം, ജനാധിപത്യാവകാശങ്ങളുടെ നിഷേധം, സംഘടനാ സ്വാതന്ത്ര്യം എടുത്തുകളയൽ എന്നീനടപടികളും ആരംഭിച്ചിരിക്കുന്നത്.

യു. ജി. സി. യുടെ റിവ്യൂകമ്മിററി റിപ്പോർട്ട്, നാഷണൽ പോലിസ് കമ്മിഷൻ റിപ്പോർട്ടിലെ അമ്പത്തിആറാം അദ്ധ്യായം (പോലിസും വിദ്യാർഥികളും), വൈസ് ചാൻസലറൻമാരുടെ സമ്മേളനശുപാർശകൾ, സംസ്ഥാന വിദ്യാഭ്യാസ മന്ത്രിമാരുടെസമ്മേളനത്തിലെ അഭിപ്രായങ്ങൾ ഏററവും ഒടുവിലായി പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ വിദ്യാഭ്യാസനയത്തിന്റെ കരട് എന്നു വിശേഷിപ്പിക്കുന്നതും “വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളികൾ — ഒരു പുതിയ കാഴ്ചപ്പാട്” എന്ന പേരിൽ കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം പുറത്തിറക്കിയതുമായ രേഖ–ഇതെല്ലാം ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ രോഗലക്ഷണങ്ങളെ, രോഗകാരണമായി തെററിദ്ധരിച്ച് ചികിത്സ വിധിക്കുകയാണ്. അതു കൊണ്ട് തന്നെ ഈ ചികിത്സകൾ അപകടകരവുമാണ്. വിദ്യാഭ്യാസരംഗത്തെ ബാധിച്ചിരിക്കുന്ന രോഗം, ജീർണ്ണമായ ഒരു സാമ്പത്തികാടിത്തറമേലാണ് അത് നിലനിൽക്കുന്നതെന്നാണ്. ഇതു കാണാതെ നടത്തുന്ന ചികിത്സ ഗുണത്തെക്കാൾ ദോഷം ചെയ്യുകയേ ഉള്ളൂ

ചിലവാദഗതികൾ നോക്കാം: ഉന്നത വിദ്യാഭ്യാസരംഗത്ത് വലിയതള്ളിക്കയററം (Over Crowding) ഉണ്ടായിരിക്കുന്നുവെന്നും ഇത് ഉടനെ നിയന്ത്രിക്കണമെന്നുമാണ് ഈ റിപ്പോർട്ടുകളും രേഖകളുമെല്ലാം പറയുന്നത്. വാസ്തവമെന്താണ്? ഇന്ത്യയുടെ വൈപുല്യവും ജനസംഖ്യയും പരിശോധിച്ചാൽ ഇനിയും കൂടുതലാളുകൾക്ക് ഉന്നത വിദ്യാഭ്യാസം നല്കേണ്ടതുണ്ടെന്നുകാണാം. 1950–51 ൽ ഇന്ത്യയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത്

---

മുറവിളി ഉയരുന്നതങ്ങിനെയാണ്. എന്നാൽ ക്ഷാമബത്തയ്ക്ക്‌വേണ്ടി സമരം ചെയ്യുന്നതോടൊപ്പം ക്ഷാമംതന്നെ ഇല്ലാതാക്കുന്ന ഒരവസ്ഥ സൃഷ്ടിക്കുന്നതിനെക്കുറിച്ചും ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ പണിമുടക്ക് വളർത്തിയെടുത്ത ഐക്യം ജീവനക്കാരിലാകെ ആവേശമുണർത്തുന്നതാണ്. യാതൊരു പോറലുമേല്ക്കാതെ വിജയംവരെ അതുനിലനിർത്താനും കഴിഞ്ഞു. വരുംകാലമുന്നേററങ്ങൾക്കൊരു ചൂണ്ടുപലകയാണിത്. പ്രൈമറിതൊട്ട് സർവ്വകലാശാല വരേയും വില്ലേജുമുതൽ സെക്രട്ടേറിയററു വരേയുമുള്ള പണിയെടുക്കുന്നവരെല്ലാം, മററെല്ലാവ്യത്യാസങ്ങളും മറന്ന് ഒന്നിച്ചണിനിരന്ന രംഗം മുമ്പുണ്ടായിട്ടില്ല. ജീവനക്കാരെ കടന്നാക്രമിക്കാനും, അവരുടെ അവകാശങ്ങൾ കവർന്നെടുക്കാനും തയ്യാറാകുന്ന സർക്കാരുകൾക്ക് ഒരു മുന്നറിയിപ്പുകൂടിയാണ് വളർന്നുവരുന്ന ഈ ഐക്യം. □

1.7 ലക്ഷം കുട്ടികളാണുണ്ടായിരുന്നത്. 1982_83 ൽ അത് 31.4 ലക്ഷമായി വർദ്ധിച്ചു പക്ഷേ ഇതത്രവലുതാണോ? കോത്താരി കമ്മീഷൻ റിപ്പോർട്ട് (1966) പറയുന്നത് ഇന്ത്യയുടെ ആവശ്യമനുസരിച്ച് 1985–1986 ആകുമ്പോൾ നാല്പതു ലക്ഷം വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടാകണമെന്നാണ്. ഇനിയും ഈ രംഗത്തേയ്ക്ക് കൂടുതൽ വിദ്യാർത്ഥികൾ വരേണ്ടതുണ്ടെന്നർത്ഥം. 1968 ലെ കണക്കനുസരിച്ച് ഇന്ത്യയിൽ ആയിരത്തിൽ 4.75 വിദ്യാർത്ഥികളേ ഉന്നത വിദ്യാഭ്യാസം നടത്തുന്നുള്ളൂ.

വിവിധ രാജ്യങ്ങളിലെ കണക്കു നോക്കുക:

അമേരിക്ക– 1000ത്തിന് 37 വിദ്യാർത്ഥികൾ

| | | | |
|---|---|---|---|
| റഷ്യ | ,, | 19 | ,, |
| ക്യാനഡ | ,, | 23 | ,, |
| ജപ്പാൻ | ,, | 16 | ,, |
| ഫ്രാൻസ് | ,, | 10 | ,, |
| ഇന്ത്യ | ,, | 4.75 | ,, |

മററുരാജ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ഉന്നത വിദ്യാഭ്യാസം നേടുന്നവർ ഇന്ത്യയിൽ എത്രയോകുറവാണ്. ഡോക്ടറമ്മാരുടെ കണക്കെടുത്താൽ അമേരിക്കയിൽ 900 പേർക്ക് ഒരു ഡോക്ടറും റഷ്യയിൽ 700 പേർക്ക് ഒരു ഡോക്ടറുമുള്ളപ്പോൾ ഇന്ത്യയിൽ 2000 പേർക്കുപോലും ഒരു ഡോക്ടറില്ല. ചുരുക്കത്തിൽ 21-ാം നൂററാണ്ടിലേയ്ക്ക് ഇന്ത്യയെ നയിക്കാൻ കൂടുതൽ വിദ്യാർത്ഥികൾ ഉന്നത വിദ്യാഭ്യാസം നേടേണ്ടിയിരിക്കുന്ന. ഇതാണ് വസ്തുതഎന്നിരിക്കെ, ഉന്നത വിദ്യാഭ്യാസ രംഗത്തെ Over Crowding ആണ് പ്രധാന പ്രശ്നം എന്ന നിഗമനത്തിൽ തയ്യാറാക്കപ്പെടുന്ന റിപ്പോർട്ടുകൾക്ക് എന്തുമാത്രം ശാസ്ത്രീയതയുണ്ടെന്ന് ആലോചിച്ചു നോക്കുക.

വിദ്യാർത്ഥികളുടെ ഫീസു വർദ്ധിപ്പിക്കണമെന്ന നിർദ്ദേശവും, ഉന്നത വിദ്യാഭ്യാസത്തിൻെറ പ്രയോജനം ഭൂരിപക്ഷത്തിനും നിഷേധിക്കുവാൻ വേണ്ടിയാണ്. സമ്പന്നരുടെ കുട്ടികളിൽ നിന്നും ഫീസുപിരിക്കണമെന്ന നിർദേശം കേൾക്കാൻ കൊള്ളാം. പക്ഷേ ഈ കാഴ്ചപ്പാട് വികലമാണ്. വിദ്യർത്ഥികളെ വിദ്യാർത്ഥികളായിത്തന്നെ കാണാൻ കഴിയണം. സമ്പന്നരിൽ നിന്നും ഗവൺമെൻറ് ടാക്സ് പിരിക്കുകയാണ് വേണ്ടത്. എന്നിട്ട് വിദ്യാഭ്യാസ രംഗത്ത് എല്ലാവിദ്യാർത്ഥികൾക്കുമായി അതു വിനിയോഗിക്കണം.

ആട്ടോണമസ് കോളേജുകൾ ആരംഭിക്കുവാൻ ഈ കമ്മീഷൻ റിപ്പോർട്ടുകൾ നിർദ്ദേശിക്കുന്നു. പ്രൈവററ് മാനേജുമെൻറിൻെറ ആട്ടോണമിയായിരിക്കും അത്തരം കോളേജുകളിൽ നടക്കുകയെന്നു വ്യക്തം. തമിഴ് നാട്ടിൽ പരീക്ഷിച്ചു പരാജയപ്പെട്ടതാണിത്. മധുര കോളേജിലും അവിനാശലിംഗം ഹോം സയൻസ് കോളേജിലും, പി. എസ്. ജി. കോളേജിലും ഒക്കെ മാനേജുമെൻറ് അധ്യാപകരുടേയും വിദ്യാർത്ഥികളുടെയും അവകാശങ്ങളെ ആട്ടോണമിയുടെ പേരിൽ കടന്നാക്രമിക്കുകയുണ്ടായി. മതമേധാവികളും വർഗീയ സംഘടനകളും ഉന്നത വിദ്യാഭ്യാസം കൈയടിക്കിവച്ചിരിക്കുന്ന കേരളത്തിൽ ആട്ടോണമസ് കോളേജുകൾ വലിയൊരു ശാപമായിത്തീരുകയേഉള്ളൂ.

പ്രൈവററ് മാനേജുമെൻറിന് ആട്ടോണമി കൊടുക്കണമെന്നുവാദിക്കുന്ന ഈ കമ്മീഷനുകൾ, യൂണിവേർസിററി സമിതികളിൽ ഇന്നുള്ള പരിമിതമായ ജനാധിപത്യംപോലും എടുത്തുകളയണമെന്നു വാദിക്കുന്നത് വിരോധാഭാസമായിതോന്നാം. ഇതിനെ ഒരേ വർഗ്ഗസ്വഭാവത്തിൻെറ ഇരട്ടമുഖം എന്നു മനസ്സിലാക്കിയാൽമതി. കൂടുതൽ ജനാധിപത്യവല്ക്കരണത്തിനുവേണ്ടി ഈരംഗത്ത് അധ്യാപകരും വിദ്യാർത്ഥികളും മുറവിളി കൂട്ടുന്ന ,കാലഘട്ടത്തിലാണ് തെരഞ്ഞെടുപ്പുകൾവേണ്ട എല്ലാം നോമിനേഷൻ മതിഎന്ന സിദ്ധാന്തം വന്നിരിക്കുന്നത്. ഗാന്ധിജി യൂണിവേർസിററിയിലെ നോമിനേഷൻെറ കഥ നമുക്കറിയാം.

ഇത്തരത്തിൽ സമൂഹത്തിലെ ഒരു ചെറിയ വിഭാഗം സുഖിതവർഗ്ഗത്തിനായി ഉന്നത വിദ്യാഭ്യാസം എങ്ങിനെ ചുരുക്കിയെടുക്കാം എന്നാണ് ഇപ്പോൾ നടക്കുന്ന വിദഗ്ധമായ അന്വേഷണം. ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾ ഈ, തമ്പുരാൻ പല്ലക്ക്, ചുമക്കേണ്ട അമാലന്മാരായി എക്കാലവും നിലനിന്നുകൊള്ളണമെന്നാണ്. ഈ അശാസ്ത്രീയ വീക്ഷണത്തിനെതിരേ വിദ്യാഭ്യാസരംഗത്തുള്ളവർമാത്രമല്ല പൊതുജനങ്ങളും ശക്തമായ പ്രക്ഷോഭങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. □

## GOVERNMENT ORDERS

# IN-SERVICE COURSE IS SERVICE

Copy of G.O (Ms) 50/85/H. Edn. Dated, 11-3-1985 from the Under Secretary to Government, Higher Education (F) Department, Trivandrum.

Establishment - Collegiate Education Depatment-period spent by College Teachers for undergoing in service courses and Diploma Courses of the Universities of Kerala and Calicut - reckoning the period for Service benefits-clarification issued :-

*Read:-* 1. Govt. Lr. No. 2219/D1/H Edn. dated, 22-4-'82

2. G. O. RT No. 1034/83/H. Edn. dated, 31-3'-83

3. G. O. Ms No. 67/84/H. Edn. dated, 14-4-'84

4. From the Registrar, University of Calicut, Calicut Lr. No. GAF 4. 11370/81 dated, 1-10-'84

5. From the Director of Collegiate Education, Trivandrum Lr. No. Estt. D1. 82798/84/L. Dis. dated, 26-11-'84

ORDER

As per the letter read as first paper above, Government have ordered that the period spent by under qualified college teachers for undergoing inservice courses conducted by the University of Kerala will be reckoned for all service benefits.

2. In the Government order read as second paper, Government ordered that the period spent by college teachers for undergoing Diploma courses in English conducted by the University of Kerala to improve their qualification, as directed by the University will be reckoned for all services benefits.

3. As per the Government order read as third paper, the benefits as above available to the teachers in college affiliated to the Kerala University was extended to the teachers in college affiliated to the University of Calicut also.

4. The University of Calicut has now brought to the notice of Govt. that the Deputy Director of Collegiate Education, Calicut did not reckon for non-cadre Professorship the periods spent by same under qualified college teachers for under, going Diploma Courses in History-Chemistry etc. conducted by the University to improve their qualification.

5. Govt. are pleased to clarify that the period spent by under-qualified college teachers for under going inservice courses/ Diploma courses in any subject conducted by the University of Calicut to improve their qualification will be reckoned for all service benefits.

(By order of the Governor)

Sd/-

Under Secretary to Government.

---

## ശമ്പള പരിഷ്കരണം ഉത്തരവായി

നാലാം ശമ്പളക്കമ്മീഷൻ റിപ്പോർട്ടിൻമേലുള്ള ഗവൺമെൻറ് ഉത്തരവായി

No G. O. (P) 515/85/ Fin. dt. 16-9-85

# The UGC's Fiat to the Universities

## NOTIFICATION

IN exercise of the powers conferred by Clause (f) of sub-section (1) of Section 26 of the University Grants Commission makes the following regulations namely:

### 1. Short title, application and commencement

(i) These regulations may be called the University Grants Commission (the minimum standards of instructions for the grant of the first degree through formal education in the faculties of arts, humanities, fine arts, music, social sciences, commerce and sciences) Regulations Act, 1985.

(ii) They shall apply to every university established or incorporated by or under a Central Act, Provincial Act or a State Act, and all institutions recognised under Clause (f) of section 2 of the University Grants Commission Act 1956 and every Institution deemed to be University under Section 3 of the said Act.

(iii) They shall come into force on June 1, 1985.

### 2. Admission/students

(i) No students shall be eligible for admission to the Ist Degree Course in these faculties unless he has successfully completed 12 years schooling through an examination conducted by a Board/University. The admission shall be made on merit on the basis of criteria notified by the Institutions after taking into account the reservation order issued by the government from time to time.

(ii) Students enrolment shall be in accordance with the number of teachers and physical facilities available.

(iii) No student shall be eligible for the award of the first degree unless he has successfully completed a three year course; this degree may be called the BA/BSc/BCom (Honours) degree as the case may be:

Provided that no student shall be eligible to seek admission to the Master's course in the faculties, who has not successfully pursued the first degree course of three years duration.

Provided further that where the universities are unable to change over to a three year course, they may, as a transitory measure, award a BA/BSc/BCom (Pass) degree on succesful completion of a two

year course, but that no student of this stream shall be eligible for admission to the Master's course unless he has undergone a further one year bridge course and passed the same.

3. Working days

(i) Every university enrolling students for the Ist degree course shall ensure that the number of actual teaching days does not go below 180 in an academic year.

**Explanation:** The working days shall exclude holidays and vacations, the time set apart for completing normal admission, time required for the preparation and conduct of examinations but shall include the days on which classes such as lectures, tutorials, seminars. practicals etc are held or conducted,

(ii) The total periods provided in the time-table shall not be less than 40 clock hours a week. The time-table on working days shall be so drawn up that physical facilities are adequately utilised, and not used only for a few hours.

(iii) The University shall not only lay down the syllabus for each course but also the manner of its implementation, namely, through number of lectures, tutorials, laboratory sessions, seminars, field work, projects etc. Students shall be encouraged to study some part of the syllabus themselves and shall be given assignments so as to make them use the library or laboratory etc.

iv) When a student offers a combination of courses :

a) It shall be ensured that the weekly workload of the student is not more than 30 clock hours a week, thus enabling him to undertake some study at his own initiative or to prepare his tutorials, seminars etc :

b) The total workload on a student shall also be adequate so as to keep him busy,

c) lectures shall be supplemented by tutorials and/or problem solving sessions (which shall be around 25% of the lecture workload), term papers etc, so that a student derives maximum benefit from his programme of study.

4. Examination

i) The Unniversity shall adopt the guideline issued by the University Grants Commission from time to time in regard to the conduct of examination,

ii) There shall be both continunous sessional evaluation, in addition to semester/year-end examination. The marks or grade obtained in continuous sessional evaluation shall be shown separately in the grade-card alongwith percentile ranking. Each grade-card shall indicate the name of the college from which the candidate appeared In the examination. Furthermore, the University shall develop dependable system of checks and controls on marks and grades awarded in sessional work.

**Explanation:** Percentile rank refers to the percentage of all the examinees in the course who had the same or higher percentage of marks or grade in the examination.

(iii) The examination question papers be framed so as to ensure that no part of the syllabus is left out of study by a student.

(iv) No semester/year-end examination shall be held unless the University is satisfied that atleast 75% of the course work indicated under sub regulation 3(3) has been actually conducted.

Teachers

(i) No teacher shall be appointed who does not fulfil the minimum qualifications prescribed for recruitment as per University Grants Commission (Qualifications required of a person to be appointed to the teaching staff of a University or other institutions affiliated to it, Regulation 1982) notified under Section 26 (i) (e) of the University Grants Commission Act, 1956.

(ii) Every teacher shall be available in the institution on a working day during the period prescribed and shall in addition to participation in teaching as indicated in sub-regulation 3(3), undertake examinations/test/evaluation/invigilation work, general assistance to students in removing their academic difficulties, and participate in extra-curricular and institutional support activities, as required.

(iii) The workload of a teacher shall take into account teaching, research and extension activities, preparatian of lessons, evaluation of assignments, term papers etc and shall be in accordance with the guidelines issued by the University Grants Commission from time to time.

Provided that the time spent on extension work where it forms an integral part of the course prescribed shall count towards the teaching load :

Provided further that no teaching shall be expected to lecture for more than three clock hours per day.

(iv) The number of full-time and/or part-time teachers shall be provided, keeping in view the total institutional workload as providad in sub-regulation 3(5), teachers workload in sub-regulation 5(3) and class size in sub-regulations 6(1) and 6(2).

(v) The group for tutorials shall not normally be more than 15 or 20 students.

(vi) A teacher shall not be expected to supervise more than 20-25 students in a laboratory class.

6. **Physical facilities:**

(i) Every university shall lay down norms in respect of classrooms, laboratories, library, canteens/cafeteria, hostel accomodation etc and all institutions admitted to its privileges shall adhere to the same. The University, while prescribing these facilities as a condition of affiliation, shall keep in view the guidelines of the University Grants commission in this regard.

(ii) The lecture- classes shall normally not exceed 80 students, unless, in special cases, the University has accomdation for larger classes and makes suitable audio-visual arrangements for effective lecturing accompanied by tutorial classes.

Information

Every University shall furnish to the University Grants commission information relating to the observance of these Regulations in the form prescribed for the purppose. The information shall be supplied to the University Grants Commission within 60 days of the close of the academic year.

Sd/- S. K. KHANNA
Secretary

(University Today, 15th August 1985)

# ഡി. എ. യും വിലക്കയററവും

പ്രൊഫ. കെ.എൻ. ഗംഗാധരൻ

നിത്യോപയോഗ സാധനങ്ങളുടെ വിലകൾ—എത്ര വേഗതയിലാണവ കുതിച്ചുയരുന്നത് ! ആഴ്ചയുടെ ഇടവേളയിൽ വിലനിരക്ക് സ്ഥിരമായി നിൽക്കുമെന്ന് തോന്നും. വീണ്ടും മുന്നേതിനേക്കാൾ ഏറിയ വേഗതയിൽ കുതിച്ചുയരും. വിലകൾ ചിലപ്പോൾ മന്ദഗതിയിൽ, പലപ്പോഴും അതിവേഗതയിൽ, ഉയരുന്നതല്ലാതെ കൂടിയ വിലകൾ കുറയുന്നതായി അനുഭവമില്ല

വിലവർദ്ധനകൊണ്ട് ഏററവുമധികം കഷ്ടപ്പെടുക നിശ്ചിതവരുമാനക്കാരും താഴ്ന്ന വരുമാനക്കാരുമാണ്. കേന്ദ്രഗവൺമെൻറിന്റെ 'സാമ്പത്തിക സർവ്വെ' പറയുന്നത് 1960 ലെ 100 ൽ നിന്ന് 1984 ഡിസംബറിൽ വിലസൂചിക 588 ആയി ഉയർന്നു എന്നാണ്—അഥവാ ആറ് ഇരട്ടിയോളം വർദ്ധന. 24 വർഷം മുമ്പ് 170 രൂപ കിട്ടിയിരുന്ന ഒരാൾക്ക് ഇന്ന് 1000 രൂപയെങ്കിലും കിട്ടിയാലേ 1960 ലെ ജീവിതനിലവാരം നിലനിർത്താൻ കഴിയൂ എന്നാണ് ഇതിനർത്ഥം. ജീവനക്കാരുടെയും തൊഴിലാളികളുടെയും വരുമാനം ഈ അളവിൽ വളർന്നില്ല എന്നതല്ലേ സത്യം ? ജീവിതം ദുഷ്കരമാവുമ്പോൾ കൂലിക്കൂടുതലിനും ക്ഷാമബത്തക്കുമുള്ള ഡിമാൻറ് ഉയരും; സമരങ്ങളുമുണ്ടാകും.

വേതനവും ക്ഷാമബത്തയും രണ്ടും രണ്ടാണ്. ഈ വ്യത്യാസം മനസ്സിലാക്കാതെ വരുമാനത്തിലെ ഏത് വർദ്ധനയും വേതനവർദ്ധനയായി ധരിക്കുന്നവരുണ്ട്. ഈ ധാരണ ശരിയല്ല.

മുതലാളി (സർക്കാരും), തൊഴിലാളികളുടെയും ജീവനക്കാരുടെയും അദ്ധ്വാനശക്തി വിലക്ക് വാങ്ങുകയാണല്ലോ ചെയ്യുന്നത്. അതിനവർ നിശ്ചയിക്കുന്ന വിലയാണ് വേതനം അഥവാ കൂലി. അദ്ധ്വാനത്തിന്റെ മൂല്യവുമായോ തൊഴിലാളിയുടെ ആവശ്യങ്ങളുമായോ ഈ വേതനത്തിന് ബന്ധമുണ്ടാവുകയില്ല എന്നത് വേറെകാര്യം. പണമായിട്ടാണ് ഇന്ന് വേതനം നൽകുന്നത്. നൂറുരൂപയാണ് വേതനമെന്ന് സങ്കൽപിച്ചാൽ നൂറുരൂപക്ക് വാങ്ങാൻ കഴിയുന്ന സാധനങ്ങൾക്ക് പകരമായി അദ്ധ്വാനശക്തി കൈമാറുന്നു എന്നർത്ഥം. നൂറുരൂപ തൊഴിലാളിയെ സംബന്ധിച്ചിടത്തോളം നിശ്ചിത വിലകൾക്ക് വാങ്ങാൻ കഴിയുന്ന അരി, ഗോതമ്പ്, ഉള്ളി, പഞ്ചസാര, പച്ചക്കറി എന്നിവയടങ്ങുന്ന ബാസ്കററ് ആണ്. ഇത്രയും സാധനങ്ങൾക്ക് പകരമായിട്ടാണ് അദ്ധ്വാനം വിൽക്കുന്നത്. ഏതാനും കറൻസി നോട്ടുകൾക്ക് പകരമായിട്ടല്ല.

ഇനി വിലനിരക്കുകൾ ഉയരുമ്പോൾ എന്താണ് സംഭവിക്കുക ? നിശ്ചിത വിലക്ക് വാങ്ങാൻ കഴിയുന്ന അരിയുടെയും ഉള്ളിയുടെയും പയറിന്റെയും മററും അളവ് കുറയും—അഥവാ യഥാർത്ഥവരുമാനം ചുരുങ്ങും. വേതനം അഥവാ കൂലി ഇടിയുന്നു എന്നർത്ഥം. തൊഴിലാളിയോ ജീവനക്കാ

രനോ പണ്ടെപ്പോലെ നിശ്ചിതസമയം ജോലിചെയ്യുകയും വേണം. ഇങ്ങനെ വേതനത്തിലെ കുറവ്—നിശ്ചിതവരുമാനംകൊണ്ട് തങ്ങൾക്കു വാങ്ങാൻ കഴിയുന്ന സാധനങ്ങളുടെ അളവിലെ കുറവ്—ക്ഷാമം—ഇല്ലെങ്കിലും പരിഹരിക്കാനാണ് 'ബത്ത' (Allowance to compensate the dearness of real goods) ആവശ്യപ്പെടുന്നതും നേടിയെടുക്കുന്നതും. ഇതാണ് ക്ഷാമബത്ത അഥവാ, 'ഡീയർനസ്സ് അലവൻസ്' എന്നതത്വത്തിന്റെ ഉറവിടം. തൊഴിലാളികളുടെയും ജീവനക്കാരുടെയും ആവശ്യം യഥാർത്ഥ വേതനത്തിലെ കുറവ് പൂർണ്ണമായും നികത്തത്തക്കവിധം ക്ഷാമബത്ത നൽകണമെന്നാണ്. പൂർണ്ണ സമീകരണം കിട്ടത്തക്കവിധം ഡി. ഏ. വർദ്ധന നേടിയെടുക്കുന്നില്ലെങ്കിൽ അതിന് ഒരൊററ അർത്ഥമേയുള്ളൂ. കുറഞ്ഞ കൂലിക്കു ജോലി ചെയ്യാൻ ജീവനക്കാർ തയ്യാറാണ്, അല്ലെങ്കിൽ, അവരതിന് നിർബന്ധിതരാണ്.

ഡി. ഏ. വർദ്ധന, വേതനവർദ്ധനയായി കണ്ടുകൂടാ ഡി. ഏ. വർദ്ധിക്കുമ്പോൾ തങ്ങളുടെ വരുമാനവും കൂടിയെന്നു ജീവനക്കാർക്കു തോന്നാം. ഇതൊരു 'മാനസികനില' അല്ലെങ്കിൽ 'തോന്നൽ' മാത്രമാണ്, യഥാർത്ഥമല്ല എന്നർത്ഥം. കാരണം മുമ്പു സംഭവിച്ച വിലക്കയററംകൊണ്ട് വേതനത്തിലുണ്ടായ ഇടിവു നികത്തുക മാത്രമാണ് ചെയ്യുന്നത്. വേതനത്തിൽ വർദ്ധനവുണ്ടായി എന്ന തോന്നലിനെ ധനശാസ്ത്രത്തിൽ 'Money illusion' എന്നു വിശേഷിപ്പിക്കുന്നു.

വേതനത്തിലെ വെട്ടിക്കിഴിവ് പൂർണ്ണമായും സമീകരിക്കത്തക്കവിധം ഡി. ഏ. ലഭിച്ചശേഷവും തൊഴിലാളികളുടെ വരുമാനം ഉയരുക, വിലനിരക്ക് നിശ്ചിതമായിരിക്കെത്തന്നെ പണവരുമാനം കൂട്ടുക, നിശ്ചിതവരുമാനം ലഭിക്കവെ തന്നെ വിലനിരക്ക് താഴുക, ഇവയെയെല്ലാമാണ് വേതന വർദ്ധനയായി കണക്കാക്കുക. വേതന വർദ്ധനയുടെ അടിസ്ഥാന തത്വങ്ങൾ വിവരിക്കുക ഈ ചെറിയ ലേഖനത്തിന്റെ ഉദ്ദേശമല്ല.

വിലക്കയററം ഡി. ഏ. വർദ്ധനക്ക് വഴിവെക്കുന്നു എന്നു കണ്ടു. മറിച്ചും സംഭവിക്കുമോ ? ഡി. ഏ. വർദ്ധന വിലക്കയററമുണ്ടാക്കുമോ ? അങ്ങനെയാണ് സംഭവിക്കുന്നതെന്ന് ശക്തിയായി പ്രചരണമുണ്ട്. ഇതിലല്പം പരമാരത്ഥമുണ്ടെന്നു ജീവനക്കാരിൽ ചിലരെങ്കിലും ധരിച്ചിട്ടുണ്ട്. അത്ര ശക്തമാണ് പ്രചരണം എന്ന് കരുതിയാൽമതി.

ഈ സിദ്ധാന്തത്തിന്റെ രത്നച്ചുരുക്കം ഇതാണ്. ക്ഷാമബത്ത കൂട്ടിയാൽ വിലനിരക്ക് ഉയരും. വീണ്ടും ക്ഷാമബത്ത വർദ്ധിപ്പിക്കേണ്ടിവരും. ഇത് വിലക്കയററമുണ്ടാക്കും വീണ്ടും. ഗുണപാഠം: തൊഴിലാളികൾക്കും ജീവനക്കാർക്കും വേതനമോ ക്ഷാമബത്തയോ വർദ്ധിപ്പിക്കരുത്; ഇവരുന്നയിക്കുന്ന ഡിമാൻറിന്റെ ഫലം വിലക്കയററമായതുകൊണ്ട് പൊതുജനങ്ങളെ മൊത്തം ബാധിക്കും; ആയതിനാൽ കൂലിക്കും ക്ഷാമബത്തക്കുമുള്ള സമരങ്ങൾ ജനവിരുദ്ധമാണ്, ജനങ്ങൾ നേരിടണം.

വിലക്കയററത്തിന്റെ മുഖ്യകാരണം അതിവിദഗ്ധമായി അനാവരണം ചെയ്ത മട്ടിലാണ് ചിലർ സംസാരിക്കുക. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ആകെ ബാധിച്ചിരിക്കുന്ന വിലക്കയററ പ്രശ്നത്തിന്റെ കുരുക്കഴിച്ചിരിക്കുന്നു തങ്ങളെന്ന ഭാവമാണ് പല 'പണ്ഡിതർ'ക്കും. ക്ഷാമബത്തയാണ് വിലക്കയററത്തിന് വഴിവെക്കുന്നതെന്നും അതു വർദ്ധിപ്പിക്കാതിരുന്നാൽ വിലകൾ നിയന്ത്രണാധീനമാകുമെന്നും ഇക്കൂട്ടർ ശഠിക്കുന്നു.

ഏത് നുണയും നൂറെറാന്നാവർത്തിച്ചാൽ സത്യമാകും എന്നുണ്ടല്ലൊ. ഡി ഏ യുടെ കഥയും ഇതുതന്നെ. വിലക്കയററത്തിന് കാരണമായ നിരവധി കാരണങ്ങളെ—കമ്മിപ്പണം, കള്ളപ്പണം, കരിഞ്ചന്ത, കൊള്ളലാഭം, പരോക്ഷനികുതികൾ, കുത്തകകളുടെ വളർച്ച,

ഇറക്കുമതിനയം, ദുർച്ചെലവുകൾ, സർവ്വോപരി ഇവയെല്ലാം പരസ്യമായും രഹസ്യമായും പ്രോൽസാഹിപ്പിക്കുന്ന സർക്കാർ നയം—അവഗണിച്ച് ഡി. ഏ യെ മാത്രം എടുത്ത് വ്യാഖ്യാനിക്കുന്നതിന്റെ ഉദ്ദേശം ന്യായമായും സംശയിക്കപ്പെടും. യഥാർത്ഥ്യം എന്താണ് ?

ഒന്നാമതായി ഡി. ഏ. യാണ് വിലക്കയററത്തിന് കാരണമെങ്കിൽ അത് നൽകാതിരിക്കുകയോ വെട്ടിക്കിഴിവ് വരുത്തുകയോ ചെയ്താൽ വില കുറയണം. യഥാർത്ഥത്തിൽ ഇതല്ല സംഭവിക്കുക. സംഭവിച്ചിട്ടുള്ളതും. അടിയന്തിരാവസ്ഥക്കാലത്തെ പരീക്ഷണം തന്നെയാണ് അടുത്തകാലത്തെ തെളിവ്. തൊഴിലാളികൾക്കും ജീവനക്കാർക്കും അർഹമായ ക്ഷാമബത്തയുടെ പകുതി ഗവൺമെന്റ് പിടിച്ചുവെച്ചു. മുതലാളിപക്ഷം ചേർന്ന് ബോണസ് ഏകപക്ഷീയമായി വെട്ടിച്ചുരുക്കുകയും ചെയ്തു. പക്ഷെ വിലനിലവാരം കുറക്കാനായില്ല. ഉദാഹരണമായി അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിന് തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷം (1974-75), വമ്പിച്ച വിലക്കയററത്തിന് സാക്ഷ്യം വഹിച്ച വർഷമായിരുന്നു. 1973-74 നെ അപേക്ഷിച്ച് മൊത്തവില സൂചിക ഏതാണ്ട് 50 ശതമാനം വർദ്ധിച്ചു. അടിയന്തിരാവസ്ഥയുടെ ആദ്യവർഷം (1975-76) മൊത്തവില സൂചികയിൽ സംഭവിച്ച 'ഇടിവ്' എത്രയെന്നോ ? .011 ശതമാനം അഥവാ 1 9 പോയിന്റ്. 174 9'ൽ നിന്ന് 173.0 പോയിന്റിലേക്ക്. ഇതും വിലക്കുറവുതന്നെ. കിലോഗ്രാമിന് 3 രൂപയായിരുന്ന പഞ്ചസാര 6 രൂപയായി കുതിച്ചുയർന്നശേഷം, 5 രൂപ 95 പൈസയായി താഴുമ്പോഴും വിലയിടിവു തന്നെ !

1975 ജൂണിലാണല്ലോ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചത്. പക്ഷെ 1974 സെപ്റ്റംബർ മുതൽ തന്നെ വിലനിരക്ക്, വളരെ പതുക്കെയാണെങ്കിലും താഴാൻ തുടങ്ങിയിരുന്നു. 1975-76 ലെ മെച്ചപ്പെട്ട വിളവെടുപ്പ് (മുൻവർഷത്തെ 8735 ദശലക്ഷം ടണ്ണിൽ നിന്ന് 10591 ദശലക്ഷം ടണ്ണിലേക്ക്) വിലനിലവാരം പിടിച്ചുനിർത്തുവാൻ വലിയൊരു പരിധിവരെ സഹായിച്ചു. 1977 മാർച്ചിൽ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നു. ക്ഷാമബത്തയിലും ബോണസ്സിലുമുള്ള വെട്ടിപ്പിടുത്തവും 1976-77 ലും തുടർന്നുകൊണ്ടിരുന്നു. എന്നാൽ മൊത്ത വില സൂചിക 173.0 പോയിന്റിൽ നിന്ന് 176.6 പോയിന്റായി ഉയരുകയാണുണ്ടായത്. ക്ഷാമബത്ത വെട്ടിക്കുറച്ചാൽ വിലക്കയററം തടയാനാവുമെങ്കിൽ അടിയന്തിരാവസ്ഥ കൊടികുത്തിവാണ 1975–77 ൽ വിലനിരക്ക് കുറയേണ്ടതായിരുന്നില്ലേ ?

## വിലകൾ 'ലിഫ്റ്റ'ിൽ പായുമ്പോൾ ക്ഷാമബത്ത കോണിപ്പടിയിൽ ഇഴയുന്നു.

ക്ഷാമബത്ത മരവിപ്പിച്ചാൽ, അഥവാ വേതനം തന്നെ മരവിപ്പിച്ചാൽ, വിലനിരക്കു പിടിച്ചുനിരത്താനാകുമോ ? അതിനു കഴിയണമെങ്കിൽ വിലനിർണ്ണയത്തിന്റെ പ്രമുഖഘടകം ക്ഷാമബത്തയും വേതനവുമായിരിക്കണം. പക്ഷെ വസ്തുത അതല്ല.

വിലനിരക്കുകളാണ് എപ്പോഴും മുമ്പിൽ. അതെ തുടർന്നാണ് വേതനവും ക്ഷാമബത്തയും വർദ്ധിപ്പിച്ചു നേടാനുള്ള ആവശ്യമുയരുന്നതും, നാമമാത്രമായി അവ വർദ്ധിപ്പിക്കുന്നതും. ആദ്യം സംഭവിക്കുന്നത് വില വർദ്ധനവാണ്. അതാണ് കാരണം. തുടർന്നാണ് ക്ഷാമബത്താ വർദ്ധന കുതിരയുടെ പിന്നിൽ വണ്ടി കെട്ടുന്നതുകൊണ്ടാണ് കുതിരക്ക് ഓടാൻ കഴിയുന്നത് എന്നു വാദിച്ചാൽ എത്രത്തോളം ശരിയാകും ? വേതനത്തിന്റെയും (ക്ഷാമബത്തയുടെയും) വർദ്ധന നിരക്കും വിലനിരക്കും പ്രകടമായും വ്യത്യസ്തമാണ്. ഒരിക്കൽ പോലും വിലവർദ്ധനവിന് തുല്യമായ അളവിൽ വേതന–ക്ഷാമബത്താനിരക്കുകൾ ഉയരുന്നില്ല സാധനവിലകൾ അമ്പതു ശതമാനം ഉയരുമ്പോൾ ക്ഷാമബത്ത പത്തുശതമാനം വർദ്ധിക്കുന്നു. പിന്നീട് വിലകൾ നൂറു ശതമാനം ഉയർന്നാൽ പത്തുശതമാനം ക്ഷാമബത്തയുടെ മേൽ പാപഭാരം കയററിവെച്ചു പീലാത്തോസാകുന്നത് ആരെ രക്ഷിക്കാൻ ? !

1984–85 ലെ സാമ്പത്തിക സർവ്വേ പ്രകാരം

1960–ൽ വ്യവസായ തൊഴിലാളികളുടെ ഉപഭോക്തൃ വിലസൂചിക 100 ആയിരുന്നത് 1970–71–ൽ 184 ആയും, 1980–81 ൽ 401 ആയും 1985 ഡിസംബറിൽ 588 ആയും ഉയർന്നു. ഇന്ന് ആയിരംരൂപ ലഭിക്കുന്ന ഒരു ജീവനക്കാരന്റെ വരുമാനത്തിന്റെ യഥാർത്ഥ മൂല്യം 1960–ലെ വിലനിരക്കനുസരിച്ച് കണക്കാക്കിയാൽ 170 രൂപയേവരൂ. 1970–71 ലെ വിലനിരക്കനുസരിച്ച് ഇത് 313 രൂപയും 1980–81 ലെ വിലനിരക്ക് പ്രകാരം 681 രൂപയുമാണ്. 1970–71 ൽ 313 രൂപ കിട്ടിയിരുന്ന ഒരു ജീവനക്കാരന് 687 രൂപയുടെ ശമ്പള വർദ്ധന തീർച്ചയായും കിട്ടിയിട്ടില്ല.

യഥാർത്ഥത്തിൽ ഒരു ചരക്കിന്റെ കമ്പോള വില നിശ്ചയിക്കുന്നതിൽ മുതലാളിത്ത ഉല്പാദകന്റെ കൊള്ളലാഭം, ഭൂവുടമയുടെ പാട്ടം, മുതലുടമയുടെ പലിശ ഇവയെല്ലാം പ്രധാനമാണ്. മുതലാളിത്ത ഉത്പാദകന്റെ കൊള്ളലാഭമാണ് വിലക്കയററമുണ്ടാക്കുന്നത് എന്ന് സർക്കാരും പത്രമാദ്ധ്യമങ്ങളും പണ്ഡിതാഗ്രേസരരും വാദിക്കാത്തതെന്തുകൊണ്ടാണ് ! ന്യായമായും ഉന്നയിക്കാവുന്ന ഒരു സംശയമാണിത്. കൊള്ളലാഭവും കൂട്ടുപലിശയും ഈ ഭൂമുഖത്തു നിന്നും അപ്രത്യക്ഷമായിരിക്കുന്നു എന്നു വേണമോ ധരിക്കാൻ? ക്ഷാമബത്തയും കൂലിയും കൂട്ടിയാലുടൻ വില കയറുന്നു എന്നു സമ്മതിക്കുകവഴി ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ നിയന്ത്രിക്കുകയും വിലക്കയററത്തിനു വളം വെക്കുകയും ചെയ്യുന്ന കുത്തക മുതലാളിമാരെയും ഭൂവുടമകളേയും കുററവിചാരണയിൽ നിന്നൊഴിവാക്കി പാവപ്പെട്ട ജീവനക്കാരെയും തൊഴിലാളികളേയും പ്രതിസ്ഥാനത്തു നിർത്തുകയാണു ചെയ്യുന്നത്. വിലക്കയററത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്തി പരിഹാരം തേടാതെ ക്ഷാമബത്ത നിയന്ത്രിക്കുന്നതിന്റെ അഭികാമ്യതയെപ്പററി ചിന്തിക്കുന്നത് തീർച്ചയായും മുതലാളിത്ത പക്ഷം ചേരലാണ്.

ഉത്പാദനം നിയന്ത്രിക്കാൻ കഴിയുന്നവർക്ക് വില നിയന്ത്രിക്കാനും കഴിയും. സോഷ്യലിസ്ററ് രാജ്യങ്ങളിൽ സർക്കാരാണു ഉൽപാദനവും വിതരണവും നടത്തുന്നത്. വിലകഠം നിശ്ചയിക്കുന്നതും സർക്കാരാണ്. ഇരുപതും ഇരുപത്തഞ്ചും വർഷംമുമ്പ് നിശ്ചയിച്ച വിലകളാണ് ഇന്നും സോവ്യററ് യൂണിയനിൽ നിത്യോപയോഗ സാധനങ്ങഠം വില്ക്കുന്നത്. മാത്രവുമല്ല അവശ്യവസ്തുക്കളുടെ വിലനിരക്ക് 25–30 ശതമാനംവരെ വെട്ടിക്കുറക്കുകയും ചെയ്തു.

മുതലാളിത്ത രാജ്യങ്ങളിൽ സ്വകാര്യ സ്വത്തുടമകളാണ് ഉല്പാദകരുംവിതരണക്കാരും. അവരാണ് വില നിശ്ചയിക്കുക. ഇന്ത്യയിൽ മുതലാളിത്ത ഉത്പാദനരീതിയാണ് നിലവിലുള്ളത്. ഉത്പാദനോപകരണങ്ങഠം ഏതാനും പേരിൽ കേന്ദ്രീകരിച്ചിരിക്കുന്നു. തൊഴിലാളികളുടെ ക്ഷാമബത്തയ്ക്കും വേതനത്തിനും ആനുപാതികമായി കൂടുകയും കുറയുകയും ചെയ്യുന്നതല്ല വില നിലവാരം.

ദേശീയ വരുമാനത്തിന്റെ വിതരണം സംബന്ധിച്ച സ്ഥിതിവിവരകണക്കുകഠം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാകും. ഇന്ത്യയുടെ ദേശീയ വരുമാന വർദ്ധനവിൽ തൊഴിലാളികളുടെ വിഹിതം തുടർച്ചയായി കുറഞ്ഞുവരികയാണ് അതിനർത്ഥം മുതലാളികളുടെ ഓഹരികൂടിവരുന്നു എന്നാണ്. അദ്ധ്വാനശക്തി ചൂഷണം ചെയ്തു കൊണ്ട് മാത്രമെ മുതലാളികഠംക്ക് നില നിൽക്കാനും വളരാനും കഴിയു ഉൽപാദനത്തിലുപയോഗിക്കപ്പെടുന്ന ഇരുമ്പുകമ്പിയും സിമൻറുമൊന്നും അവയ്ക്കുള്ളതിനേക്കാഠം കൂടുതൽ മൂല്യം ഉൽപാദിപ്പിക്കുന്നില്ലെന്നും അവയ്ക്ക് രൂപാന്തരം വരുന്നു എന്നുമാത്രമെയുള്ളുവെന്നും എവർക്കുമറിയാം. തൊഴിലാളികഠംക്ക് മാത്രമാണ് അവരുടെ മൂല്യത്തെ (വേതനം) ക്കാഠം കൂടുതൽ മൂല്യം— മിച്ച മൂല്യം—ഉൽപാദിപ്പിക്കാൻ കഴിയുക. എത്ര കൂടുതൽ മിച്ചമൂല്യം ചൂഷണം ചെയ്യുന്നവോ അത്രയും കൊഴുക്കും മുതലാളി. ഏററവും കൂടുതൽ കൊള്ളയടിക്കുകയാണ് അയാളുടെ ലക്ഷ്യം. ഇന്ത്യയിൽ കുത്തക മുതലാളികഠം തടിച്ചു വളർന്നു കൊണ്ടിരിക്കുകയാണ്.

ഔദ്യോഗിക കണക്കുകഠംതന്നെ ഈ വസ്തുതകഠം തെളിയിക്കും. ബിർള കുടുംബത്തിന്റെ ആസ്തി 1976 ൽ 975 കോടിരൂ

പയായിരുന്നു. അത് 1983 ൽ 2831 കോടി രൂപയായി ഉയർന്നു. ടാററയുടെ ആസ്തി 981 കോടിയിൽ നിന്ന് 2673 കോടിയായി ഉയർന്നു. 1983 ൽ ഏററവും വലിയ പത്തു വ്യവസായ കുടുംബങ്ങളുടെ മൊത്തം ആസ്തി 11003 കോടി രൂപയായിരുന്നു. അതിൽ 89.37 ശതമാനവും മേൽപറഞ്ഞ രണ്ട് കുത്തക വ്യവസായ കുടുംബങ്ങരം കൈവശംവെച്ചു. ഫത്ലാൽ, സിംഘാനിയ, താച്ചർ, എ. സി. സി, റിലയൻസ് ടെക്സ്ററയിൽസ്, സാരാഭായ്, ലാർസൻ ആൻറ് ടൂബ്രോ, മോഡി, ബജാജ്, വാൽചന്ദ്, ഐ. സി. ഐ കിർലോസ്ക്കാർ, ടി. വി. എസ് എല്ലാംതന്നെ ഈ കാലയളവിൽ അവരുടെ ആസ്തിയും ലാഭവിഹിതവും പലയിരട്ടി വർദ്ധിപ്പിച്ചു. 1963–64 നെ അപേക്ഷിച്ച് ബിർള കുടുംബത്തിന്റെ ആസ്തി പത്തിരട്ടി വർദ്ധിച്ചു. 1980 നും 1983 നും ഇടക്ക് ബിർളയുടെ ആസ്തി 1431 99 കോടിയിൽ നിന്നും 2830.84 കോടിയായും ടാററയുടേത് 1538 97 ൽ നിന്ന് 2672.40 കോടിയായും വർദ്ധിച്ചു. റിലയൻസ് ടെക്സ്ററയിൽസിന്റെ ആസ്തി 166.33 കോടിയിൽ നിന്നും 562 98 കോടിയും ലാർസൻ ആൻറ് ടൂബ്രോയുടേത് 216.03 കോടിയിൽ നിന്നും 423.71 കോടിയായി വളർന്നത് ചില ഉദാഹരണങ്ങരം മാത്രം.

കുത്തകകളാണ് വ്യവസായവും വ്യാപാരവും നിയന്ത്രിക്കുന്നതെന്ന് സമ്മതിച്ചാൽ പിന്നെ തൊഴിലാളികളും ജീവനക്കാരുമല്ല വിലക്കയററത്തിന് കാരണമെന്ന് സമ്മതിക്കാൻ നാമെന്തിന് മടിക്കണം? കമ്മി പണവും പരോക്ഷനികുതികളും വിലക്കയററത്തിന് ആക്കം കൂട്ടും എന്നത് അനുഭവസത്യമാണ്.

ഇന്ത്യയിൽ തൊഴിൽ ചെയ്യുന്നവർ മൊത്തം ജനസംഖ്യയുടെ ചെറിയശതമാനമേവരൂ.ക്ഷാമബത്തക്ക് അർഹതയുള്ളവരുടെ സംഖ്യ വീണ്ടും ചുരുങ്ങും. ന്യൂനപക്ഷം വരുന്ന സംഘടിത മേഖലയിലെ ജീവനക്കാരാണ് ഇന്ത്യയിൽ വിലക്കയററ മുണ്ടാക്കുന്നതെന്ന് വിശ്വസിക്കാൻ അസാമാന്യധൈര്യം വേണം.

1981—ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിലെ ജനസംഖ്യ 65.81 കോടിയാണ്. ഇതിൽ 83.44 ശതമാനം പേർക്കാണ് എന്തെങ്കിലും തൊഴിലുണ്ടായിരുന്നത്. അതായത് 22 കോടി മൊത്തം തൊഴിലുള്ളവരിൽ 41.53 ശതമാനം കൃഷിക്കാരും 25 16 ശതമാനം കാർഷികതൊഴിലാളികളും, ഇനിയും ഒരു 3.99 ശതമാനം മൽസ്യബന്ധനത്തിലും കാലിവളർത്തലിലും മററും ഏർപ്പെട്ടിരുന്നു. അങ്ങനെ ആകെ 70 68 ശതമാനം പേർ കാർഷികമേഖലയിൽ ഉപജീവനം കഴിക്കുന്നവരായിരുന്നു. ഇവരൊന്നും ക്ഷാമബത്ത ലഭിക്കുന്നവരല്ലെന്ന് ആർക്കാണറിയാത്തത്! വളരെ പരിമിതമായ വേതനമോ വേതന വർദ്ധനവോ ഇവർക്ക് ലഭിക്കുന്നുള്ളു. വ്യവസായമേഖലയെ ആശ്രയിച്ച് 13 ശതമാനംപേർ ജീവിക്കുന്നു. ബാക്കിയുള്ളവർ സേവനമേഖലയെ ആശ്രയിച്ചും. വ്യവസായ മേഖലയിൽതന്നെ ഗണ്യമായൊരുവിഭാഗം തൊഴിലാളികരം ചെറുകിടയും ഇടത്തരവുമായ വ്യവസായ യൂണിററുകളിൽ തൊഴിലെടുക്കുന്നവരാണ്. ഭൂരിപക്ഷത്തിന് ക്ഷാമബത്ത ബാധകമല്ല. ഇതാണ് പരമാർത്ഥമെന്നിരിക്കെ ക്ഷാമബത്തയാണ് വിലകളുയർത്തുന്നത് എന്ന വാദം നിരർത്ഥകമാണ്.

ജീവനക്കാർക്കും തൊഴിലാളികരംക്കും നൽകുന്ന വേതന—ക്ഷാമബത്താ വർദ്ധനവാണ് വിലക്കയററമുണ്ടാക്കുന്നതെന്ന് പ്രചരിപ്പിക്കുന്നതാരാണ്? അവരെ ജോലിക്കുവെക്കുന്ന മുതലാളികളോ അവരുടെ വക്താക്കളോ അവർ നിയന്ത്രിക്കുന്ന സർക്കാരോ അല്ലാതെ മററാരുമല്ല. മുതലാളികളുടെ കൊള്ളലാഭത്തിൽ അറുതിവരുത്തണമെന്നോ, നഗരങ്ങളിലെ സ്വത്തിനും വരുമാനത്തിനും പരിധി നിശ്ചയിക്കണമെന്നോ, കോൺട്രാക്ടർമാരുടെയും കള്ളപ്പണക്കാരുടെയും വരുമാനത്തിന് നിയന്ത്രണമേർപ്പെടുത്തണമെന്നോ കുത്തകകളുടെയും ഭൂസ്വാമികളുടെയും വളർച്ച തടയണമെന്നോ ഉള്ളവാദം ഇക്കൂട്ടർ ഉയർത്താത്തിടത്തോളം ഇവരുടെ ഉദ്ദേശശുദ്ധി ചോദ്യം ചെയ്യപ്പെടും. വിലക്കയററത്തിന്റെ യഥാർത്ഥ ഉത്തരവാദികരം കുത്തക മുതലാളികളും വൻകിട ജൻമികളും അവർ നയിക്കുന്ന സർക്കാരുമാണ്. □

(കേരളാ യൂണി: എംപ്ലോയീസ്: യൂണിയൻ വാർഷികപ്പതിപ്പ് 1985)

# പ്രീഡിഗ്രി മാററുന്ന പ്രശ്നം:

# മഹാരാഷ്ട്രയിലെ അനുഭവം വിവരിക്കുന്ന കത്ത്

From,

P. Unnikrshnan,
Member, Senate, Bombay University.

M.L. Dahanukar College of Commerce,
VILE PARLE EAST,
Bombay-400 057-
PH. 614 20 59
Date July 17, 1985

To,

Prof. G. Madhavan Nair,
Member of Syndicate,
Calicut University,
Calicut, Kerala.

Dear Professor,

I learn from newspaper reports that the Kerala Govt. proposes to separate the Pre-Degree Classes from the University and assign them to an Independent Higher Secondary Board. I do not know the gains expected of such a move as also the reactions of the teacher and students community thereto. Kerala is perhaps the only State in the country where PDC is with the University.

It is heartening to note that the Government will take the final decision after consulting teachers' organisations. Here in Maharashtra the 10 + 2 + 3 pattern was introduced from 1975 and teachers are still suffering injustice from the anomalies created by the change over. I give below some of our experiences which may act as a guide in your negotiations.

1. Almost 50% of the teachers will be rendered surplus at the collegiate level. Although they will be absorbed in the Junior college with protection of existing scale and status, they would be deprived of the benefits that would have accrued to them had they continued at the collegiate level. (such as promotion, pay status, etc )
2. The campus will be a divided house— Two institutions, Jr. college and Sr. college,

on the same campus. Sr. college teachers will come to look down Jr. college teachers as inferior and the latter will try to keep aloof from the Sr. college teachers who are superior. Psychological and emotional separation that we experience here is considerable.

3. This will weaken the teachers' movement; managements/authorities will make use of every opportunity to put one section against the other.

4. Since the junior most teachers will be retrenched, and absorbed in the junior college, students, will, at least for several years, be deprived of teaching by senior, experienced teachers. This may also force a good number of students at the HSC level to resort to tutorial classes since HSC is a filtering point and admission to higher levels depends upon marks at HSC.

HSC is an extension of SSLC; HSC level teachers will have to acquire additional professional qualifications like B. Ed. Here, teachers appointed even in 1975 are temporary because they do not possess B. Ed.

6. Workload of Jr. college teachers will be more. We have 23/24 periods per week at Jr. college, against 20 at Sr. College. Again, in the Jr. College itself, a section of the teachers who were lecturers in Sr. College earlier, rendered surplus and absorbed in Jr College, will have 20 periods; paradoxically, tutors/demonstrators in Sr. College, rendered surplus and absorbed in Jr College, will have 23/24 on par with those appointed afresh for Jr. college although all of them are designated as 'Teachers' and doing the same type of work).

7. We have here four scales of pay in Jr. College as under:

a) 700-1600: Lecturers rendered surplus at degree college and absorbed in Jr. college.

b) 600-1030: Teachers appointed for Jr. College and possessing II Class at Masters and B. Ed. or equivalent qualifications.

c) 500-900: Tutors / demonstrators rendered surplus in Sr. college and absorbedinJr.college;& Teachers appointed for Jr. college who have II Class at Masters, but do not have professional qualifications like B.Ed

d) 315-680: Teachers appointed for Jr. college who do not have II Class at Masters in the relevant subject, though they may have any other qualifications including B. ED.

Those getting the scales of 500-900 and 315-680 are required to improve their qualifications within 5 years of appointment (extended only in the case of those appointed in 1975 or around) otherwise they are liable to be replaced by qualified persons. (Those rendered surplus in Sr college and absorbed in Jr.college are not liable to be replaced). A large number of teachers particularly in Arts and Commerce subjects are temporary and getting the scale at (d) even though they have been working right from 1975, some of them have many years of experience in schools earlier.

8. While there are four scales in the Jr. college, based on qualifications, there is only one scale (700-1600) in the Sr.

College, whatever may be the qualifications.

9. To meet resistance of teaching community, the government may offer UGC scales of pay to those who may be left at the Sr. College level after seperation. Here the scales were implemented in 1978 with retrospective effect from 1973, of course. Conditions of qualifications and work-load attached to the UGC scales created a great sense of insecurity.

a) UGC scale requires high second Class (B + or 55% at all levels) plus M. Phil. or Ph. D. of course, teachers in service as on 4th October 1975-this was the date on which the UGC scale was first announced, government order was subsequently revised due to opposition from teachers to some of the conditions, and finally new order was issued on 25-10-1977-teachers appointed after 1975 who do not possess these qualifications are still temporary. Originally they were liable not only to cease to draw increments it they did not improve their qualifications within 5 years but also liable to be replaced by fully qaulified persons. Now in January 1983 the government issued orders that these teachers will cease to draw increments; only those appointed with lower qualifications *after* Jan: '83 are liable to be replaced also.

The uniform qualification requirements is unrealistic in as much as teachers in subjects of social sciences and humanities cannot score high marks as in the subjects of mathematics and physical sciences.

b) UGC conditions required increased work-load. Earlier, teachers had 15 lecturs, with UGC scales it went up to 20 rendering many teachers surplus. Temporary teachers, whatever the number of years of service put in, have no legal protection against retrenchment.

c) Any pay revision includes merger of D. A. Earlier we had 3 scales- 300-600, 400-800, 700-1100; and Principal had 800-1200. Those who were at the lower side of 300-600 got a benefit of around Rs. 140 p. m. others around Rs. 50/- only. Merging all these three scales, one common scale 700-1600 was given to teachers, while Principals were given the scale of Rs.1500-2500 (note the difference between the scale of Principals and seniormost lecturers scale before and after revision) Principals were also given another scale 1200-1900. based on the enrolment of students, not on any other criteria.

These are some of our experiences which may act as a guide and enable you to avoid the pitfalls which may arise later. We ourselves could not foresee many of the problems which came to the fore in the course of the last several years.

Should you need any specific piece of information regarding our experience in Maharashtra, please feel free to write.

With warm regards,

Yours sincerely,

Sd/-

P. Unnikrishnan

# നിയമസഭയിൽ ബിൽ

## അധ്യാപകരെ സ്ഥിരപ്പെടുത്തണം.

സ്വകാര്യ കോളേജുകളിൽ നീണ്ടകാലം താൽക്കാലിക ഒഴിവിൽ ജോലിചെയ്യുന്ന അധ്യാപകരെ സ്ഥിരപ്പെടുത്താൻ സർവ്വകലാശാലാ നിയമം ഭേദഗതിചെയ്യാനുള്ള അനൗദ്യോഗിക ബിൽ സെപ്ററം: 20–ം തീയതി നിയമസഭയിൽ അവതരിപ്പിച്ചു. ശ്രീ. എം വി. രാഘവൻ എം. എൽ. എ. ആണ് ബില്ല് അവതരിപ്പിച്ചത്,

'1985–ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ' എന്നാണ് ഇതിന്റെപേർ. താൽക്കാലിക ഒഴിവിൽ നിയമനം കിട്ടി അഞ്ചും ആറും വർഷമായി ജോലിചെയ്യുന്ന ഡസൻകണക്കിന് കോളേജധ്യാപകർ കേരളത്തിലുണ്ട്. ഇവരെ സ്ഥിരപ്പെടുത്താൻ നടപടി വേണമെന്ന് ഹൈക്കോടതി നിർദേശിച്ചിട്ടും സംസ്ഥാനസർക്കാർ നടപടി സ്വീകരിക്കുന്നില്ല. സ്വകാര്യ മാനേജുമെന്റുകളെ സഹായിക്കുന്ന നയമാണ് ഇതിനുകാരണം. അതിനാലാണ് സ്വാകാര്യബിൽ അവതരിപ്പിക്കുന്നതെന്ന് എം. വി. രാഘവൻ പറഞ്ഞു.

ഈ പ്രശ്നം പരിഹരിക്കാൻ സർക്കാർ തന്നെ നിയമഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതായി വിദ്യാഭ്യാസമന്ത്രി ടി.എം. ജേക്കബ് അറിയിച്ചു. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ ഈ വിഭാഗം അധ്യാപകരുടെ സംരക്ഷണത്തിന് നടപടി എടുക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ഓർഡിനൻസുകളുടെ മേള നടത്തുന്ന സർക്കാരിന് എന്തുകൊണ്ട് ഈ നിയമ ഭേദഗതി ഓർഡിനൻസായിട്ടെങ്കിലും കൊണ്ടു വന്ന് പാവപ്പെട്ട കോളേജധ്യാപകരെ രക്ഷിച്ചുകൂടാ എന്ന് എം. വി. രാഘവൻ ചോദിച്ചു.

ഓർഡിനൻസുകൾക്കെതിരെ സഭയിൽ റൂളിംങ്ങ് വന്ന സാഹചര്യത്തിൽ മെമ്പറുടെ വാദഗതിശരിയല്ലെന്ന് വയലാർ രവിപറഞ്ഞു. ഓർഡിനൻസ് പാടില്ല എന്ന് ആരും റൂളിംങ്ങ് നൽകിയിട്ടില്ല എന്ന് ബേബിജോൺ അഭിപ്രായപ്പെട്ടു.

താൽക്കാലികക്കാരായ കോളേജ് അധ്യാപകരുടെ രക്ഷയ്ക്ക് തന്റെ സ്വകാര്യ ബിൽ സർക്കാർ അംഗീകരിക്കണമെന്ന് എം വി. രാഘവൻ ആവശ്യപ്പെട്ടു.

## പ്രൊഫ. എസ്. വിശ്വനാഥൻ സ്ഥാനാർത്ഥി

കേരള യൂണിവേർസിററി സെനററിൽ അധ്യാപകപ്രതിനിധികളുടെ മണ്ഡലത്തിൽ ഒഴിവുവന്നിട്ടുള്ള ഒരു സ്ഥാനത്തേയ്ക്ക് അടുത്തുനടക്കാൻ പോകുന്ന തെരഞ്ഞെടുപ്പിൽ എ കെ പി സി ടി എ സ്ഥാനാർത്ഥിയായി പ്രൊഫ. എസ്. വിശ്വനാഥനെ പ്രവർത്തകസമിതി തീരുമാനിച്ചു. വർക്കല എസ്. എൻ. കോളേജിലെ ഇംഗ്ലീഷ് അധ്യാപകനായ പ്രൊഫ. വിശ്വനാഥൻ സംഘടനയുടെ ശക്തനായ പ്രവർത്തകനാണ്.

പ്രൊഫ. വിശ്വനാഥന്റെ വിജയത്തിന് എല്ലാ അംഗങ്ങളും സജീവമായി രംഗത്തിറങ്ങണമെന്ന് പ്രവർത്തക സമിതി അഭ്യർത്ഥിച്ചു

## വാർത്തകൾ, അറിയിപ്പുകൾ

### ഒക്ടോബർ 3 പ്രതിഷേധദിനം തിരുവനന്തപുരത്ത് പ്രകടനം-ധർണ.

സർവ്വകലാശാലകളുടെ ജനാധിപത്യ സ്വഭാവം തകർക്കുന്നതിൽ പ്രതിഷേധിച്ച് ഒക്ടോബർ 3 പ്രതിഷേധ ദിനമായി ആചരിക്കുക. തിരുവനന്തപുരത്ത് എ കെ പി സി ടി എ–എ കെ ജി സിടി സംഘടനകൾ സംയുക്തമായി പ്രകടനവും സെക്രട്ടറിയററു പടിക്കൽ ധർണയും നടന്നത്തുന്നതാണ്. എല്ലാ ബ്രാഞ്ചുകളും പ്രതിഷേധദിനാചരണം വിജയിപ്പിക്കണം.

കേന്ദ്രഗവണ്മെൻറു കൊണ്ടുവരാനുദ്ദേശിക്കുന്ന പുതിയ വിദ്യാഭ്യാസനയം സംഘടനകളുമായി ചർച്ചചെയ്യുക, യു. ജി. സി. യുടെ രണ്ടാം ശമ്പളക്കമ്മീഷൻ റിപ്പോർട്ട് (മെർഹോത്ര കമ്മീഷൻ റിപ്പോർട്ട്) പ്രസിദ്ധീകരിച്ച് നടപ്പാക്കുക തുടങ്ങിയ ആവശ്യങ്ങളും ഈ ദിനാചരണത്തിൻെറ ഭാഗമാണ്.

### ദേവസ്വംബോർഡ് കോളേജ് ടീച്ചേർസ് കോ-ഓർഡിനേഷൻ കൗൺസിൽ

സെപ്ത: 21 ന് എറണാകുളത്തു കൂടിയ ദേവസ്വം ബോർഡ് കോളേജുകളിലെ കൗൺസിലറന്മാരുടെ പൊതുയോഗം കോ–ഓർഡിനേഷൻെറ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രസിഡൻറ് : പ്രൊഫ. പി. ജി. ചന്ദ്രശേഖരൻനായർ

സെക്രട്ടറി : പ്രൊഫ. ഡി. ദാമോദരൻ നമ്പൂതിരി

ട്രഷറർ : ശ്രീ. രാജുമോഹൻ

യോഗത്തിൽ പ്രൊഫ. കർമ്മചന്ദ്രൻ അധ്യക്ഷതവഹിച്ചു. ജനറൽ സെക്രട്ടറി പ്രൊഫ. ഡി. നാരായണൻ കുട്ടി, സെക്രട്ടറി പ്രൊഫ. സി. കെ. ഗോപി എന്നിവരും യോഗത്തിൽ പങ്കെടുത്തു. കൗൺസിലിൻെറ അടുത്ത യോഗം ഒക്ടോബർ 10 ന് ചേരും.

### 13–ാം കൺവൻഷൻ: ആലോചനായോഗം

സംഘടനയുടെ 13–ാമത് ത്രൈവാർഷിക കൺവൻഷൻ തിരുവനന്തപുരത്ത് 1986 ഫെബ്രുവരിയിൽ നടത്താൻ പ്രവർത്തക സമിതി തീരുമാനിച്ചു.

കൺവൻഷൻ വിജയിപ്പിക്കുന്നതിനെക്കുറിച്ചാലോചിക്കാൻ പ്രവർത്തകസമിതിയുടേയും തിരുവനന്തപുരം ജില്ലാകൗൺസിലിൻേറയും ഒരു സംയുക്തയോഗം ഒക്ടോബർ 3 ന് ഉച്ചയ്ക്ക് രണ്ടു മണിയ്ക്ക് സേവ്യേഴ്സ് അനക്സിൽചേരുന്നതാണ്.

### വിശേഷാൽപ്പതിപ്പ്: പരസ്യശേഖരണം ഊർജ്ജിതമാക്കുക

കൺവൻഷൻ ദിവസം പ്രസിദ്ധീകരിക്കുന്ന ജേർണലിൻെറ വിശേഷാൽപ്പതിപ്പിലേയ്ക്കുള്ള പരസ്യശേഖരണം ഓരോ ബ്രാഞ്ചും പരമാവധി വിജയിപ്പിക്കണം. വെൽഫയർ ട്രസ്റ്റിൻെറ രംഗത്ത് നമ്മുടെ ചുമതല വർദ്ധിച്ചുവരികയാണ്. അതുനിറവേററാൻ ഈ മാർഗ്ഗത്തിലൂടെ മാത്രമേ സാധിക്കുകയുള്ളു. അംഗങ്ങൾ അവരുടെ വ്യക്തിപരമായ എല്ലാ സ്വാധീനവും ഉപയോഗിച്ച് പരസ്യങ്ങൾ ശേഖരിച്ച് അയച്ചുതരണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

താരിഫ്കാർഡുകൾ ബ്രാഞ്ചു സെക്രട്ടറിയുടെപേരിൽ അയച്ചിട്ടുണ്ട്.

### കോൺഫറൻസുകൾ

ഡെ. ഡി. സി. ഇ. ഓഫീസുകളിൽ അധ്യാപകർക്കുനേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചു ചർച്ചചെയ്യാൻ കോളേജിയററ് വിദ്യാഭ്യാസ ഡയറക്ടർ മേഖലാ കോൺഫറൻസുകൾ ഉടനെ വിളിക്കുന്നതാണ്.

ബ്രാഞ്ചുകളിലെ പ്രശ്നങ്ങൾ എത്രയും വേഗം അതത് ജില്ലാസെക്രട്ടറിമാരെ അറിയിക്കാൻ ബ്രാഞ്ചു ഭാരവാഹികൾ ശ്രദ്ധിക്കണം. □

# കേരളാ യൂണി: സെനററ്

## ആദിശേഷയ്യാ ശുപാർശകൾ അംഗീകരിക്കരുത്

കേരള നിയസഭ 1974 ൽ പാസാക്കിയ സർവ്വകലാശാലാ നിയമത്തിന്റെ ജനാധിപത്യ സ്വഭാവം ഹനിക്കുന്ന ആദിശേഷയ്യാകമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിക്കരുതെന്ന് കേരള യൂണിവേർസിററി സെനററ് യോഗം ഗവണ്മെൻറിനോട് അഭ്യർത്ഥിച്ചു. കേന്ദ്രഗവണ്മെൻറ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന ഉന്നത വിദ്യാഭ്യാസ നയപരിപാടികൾ കൂടി കണക്കിലെടുത്തു കൊണ്ടുമാത്രമേ കേരളത്തിലെ ഉന്നതവിദ്യാഭ്യാസം സംബന്ധിച്ച അടിസ്ഥാനപരമായ മാററങ്ങൾ ആവിഷ്കരിക്കാവൂ എന്നും സെനററ് അഭിപ്രായപ്പെട്ടു.

എ. കെ. പി. സി. ടി.എ. പ്രതിനിധികളുടെ ശക്തമായ വാദമുഖങ്ങൾ :

അധ്യാപക വിരുദ്ധവും വിദ്യാർത്ഥി വിരുദ്ധവും പൊതുജന വിരുദ്ധവുമായ ആദിശേഷയ്യാ റിപ്പോർട്ട് തള്ളിക്കളയണമെന്ന് സെനററിലെ എ കെ പി. സി. ടി. എ. പ്രതിനിധികൾ ശക്തിയായി വാദിച്ചു. ഇന്നുവിദ്യാഭ്യാസ രംഗത്തുള്ള പ്രശ്നങ്ങൾ രോഗലക്ഷണങ്ങൾ മാത്രമാണെന്നും, രോഗകാരണം, ജീർണ്ണിച്ച സാമ്പത്തികാടിത്തറമേലാണ് വിദ്യാഭ്യാസം നിലനില്ക്കുന്നതെന്നതാണെന്നും അംഗങ്ങൾ ചൂണ്ടിക്കാണിച്ചു. കമ്മീഷൻ ഇതു കാണുന്നില്ല ഉന്നത വിദ്യാഭ്യാസരംഗത്തേയ്ക്ക് വിദ്യാർത്ഥികളുടെ തള്ളിക്കയററം നടക്കുന്നുവെന്ന കമ്മീഷന്റെ നിഗമനവും ശരിയല്ല കണക്കുകൾ പരിശോധിച്ചാലറിയാം, ഇന്ത്യയിൽ ജനസംഖ്യാനുപാതമനുസരിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര കുട്ടികൾ എത്തുന്നില്ലെന്ന്. 21-ാം നൂററാണ്ടിലേയ്ക്ക് ഇന്ത്യയെ എത്തിക്കാൻ ഇനിയും കൂടുതൽ വിദ്യാർത്ഥികൾ വിദ്യാഭ്യാസം നേടേണ്ടിയിരിക്കുന്നു അതുകൊണ്ട് വിദ്യാർത്ഥികളുടെ തള്ളിക്കയററം കുറക്കാൻ 50% മാർക്കുള്ളവർക്കുമാത്രം പ്രവേശനം നല്കിയാൽ മതി എന്നും മററുള്ള ശുപാർശകൾ അശാസ്ത്രീയമാണ്.

പൊതുവേ ഈ റിപ്പോർട്ട് സ്വകാര്യമേഖലയെവളർത്താനും അതുവഴി അഴിമതി വ്യാപിപ്പിക്കാനുമാണ് സഹായിക്കുക. ആട്ടോണമസ് കോളേജുകൾ, പ്രൈവററ് മാനേജ്മെൻറിന്റെ ആട്ടോണമിക്ക് വേണ്ടിയാണ്. ഇന്നുള്ള അധ്യാപകപ്രമോഷൻ സമ്പ്രദായം മാററി 50% അധ്യാപകരെ പുറത്തുനിന്നും നിയമിക്കാനുള്ള ശുപാർശ, നിയമനത്തിൽ കൂടുതൽ കോഴവാങ്ങാൻ മാനേജുമെൻറിനെ സഹായിക്കാനാണ്.

പ്രീഡിഗ്രി ഹൈസ്കൂൾ തലത്തിലേയ്ക്ക് മാററണമെന്നുള്ള ശുപാർശയും അപ്രായോഗികമാണ്. മാത്രമല്ല പ്രീഡിഗ്രി മാററിയാൽ കോളേജ് വിദ്യാഭ്യാസം സുഗമമാകുമെന്ന വാദഗതിയിൽ അർത്ഥമില്ല. അങ്ങനെയായിരുന്നെങ്കിൽ പ്രീഡിഗ്രയ ഇല്ലാത്ത തിരുവനന്തപുരം യൂണിവേർസിററി കോളേജ് ഇക്കാര്യത്തിൽ മാതൃകയാവേണ്ടതാണ്. സ്ഥിതി അങ്ങിനെയല്ലല്ലോ.

വിദ്യാർത്ഥികളുടെ ഫീസുവർദ്ധിപ്പിക്കണമെന്ന നിർദ്ദേശവും സ്വീകരിക്കാനാവില്ല സമ്പന്നരുടെ വിദ്യാർത്ഥികളിൽ നിന്നും ഫീസുപിരിക്കണമെന്ന കാഴ്ചപ്പാട് വികലമാണ്. സമ്പന്നരിൽ നിന്നും ഗവണ്മെൻറ് ടാക്സ് പിരിക്കുകയാണുവേണ്ടത്. വിദ്യാഭ്യാസത്തെ സാമൂഹ്യസേവനമായിക്കാണുന്ന നയമാണാവശ്യം.

കമ്മീഷന്റെ മറെറാരു കണ്ടുപിടിത്തത്തിന്റെ പൊള്ളത്തരവും എ കെ. പി. സി. ടി എ. പ്രതിനിധികൾ തുറന്നുകാട്ടി. ഉന്നത വിദ്യാഭ്യാസ രംഗത്ത് രാഷ്ട്രീയക്കാർ കടന്നു

കയറി സ്വാധീനം ചെലുത്തുത്തുവെന്നാണ്. ഇതെങ്ങനെയാണെന്ന് കമ്മീഷൻ പറയുന്നില്ല. കമ്മീഷന്റെ മറെറാരു ജല്പനം ശ്രദ്ധിക്കുക: "These members include both full-Time Politicians as well as teacher-politicians, the latter often more dangerous and cantankerous than the former" (p. 103)

ഇതെഴുതിയ ആളിന്റെ നിലവാരം നമുക്കൂഹിക്കാവുന്നതേയുള്ളൂ. അതുകൊണ്ടു തന്നെ ഈ പരാമർശത്തിന് അധ്യാപകർ മറുപടി പറയുന്നില്ല പക്ഷേ ഒന്നുണ്ട്. ടീച്ചർ–പൊളിററീഷ്യൻമാരുടെ വിഭാഗത്തിൽ വരുന്ന ഡോ. രാധാകൃഷ്ണൻ, സാക്കിർഹുസൈൻ, പ്രൊഫ. ജോസഫ് മുണ്ടശേരി, പ്രൊഫ. മധു ദണ്ഡവതെ, ഡോ. അശോക് മിത്ര, ഡോ. ശ്രീമാലി, ഡോ. ജോൺമത്തായി എന്നിവരെയാണ് ഈ പരമർശത്തിലൂടെ കമ്മീഷൻ ആക്ഷേപിക്കുന്നത്.

സാമൂഹ്യ പ്രവർത്തനം വളർച്ച പ്രാപിക്കുമ്പോൾ രാഷ്ട്രീയ പ്രവർത്തനമായി മാറാതെ പററില്ല. കാരണം സമൂഹത്തിലെ പ്രശ്നങ്ങൾ രാഷ്ട്രീയ മണ്ഡലത്തിൽ വച്ചാണ് പരിഹാരം കാണുന്നത്. ഒരു ജനാധിപത്യ രാജ്യത്തിൽ രാഷ്ട്രീയ ബോധമുള്ളവരാണ് കൂടുതലുണ്ടാകേണ്ടത്. അല്ലാതെ അരാഷ്ട്രീയക്കാരല്ല.

പ്രൊഫ. ആൻറണി, പ്രൊഫ. രവീന്ദ്രൻ, പ്രൊഫ. കുമാരൻ, പ്രൊഫ. അബ്ദുൾ റസാക്ക് കുഞ്ഞ്, പ്രൊഫ. സദാശിവൻനായർ, പ്രൊഫ. ഭാർഗവൻ, പ്രൊഫ. വി എൻ. മുരളി പ്രൊഫ. മാത്യു വർഗീസ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു. □

---

## ഗവ:/ യൂണി: ഓർഡറുകൾ

## കേരള യൂണിവേഴ്സിററി :

## പ്രതിഫലത്തുക: വിതരണത്തിന് പുതിയ സംവിധാനം

As a part of programme of the University for the payment of all claims of Examiners in time, the following prposals are put forward in respect of the payment of remuneration to examiners of B. A./ B. Sc./ B Com. Examinations held in May/June 1985.

1. The Chairman should report to the University the dates by which the Additional Examiners must have submitted the final list of mark books to their Chief Examiners.

2. As soon as the Additional Examiners receive the scripts for valuation, they may send the bills for remuneration duly filled in to the Chairman by registered post.

3. The Chairman will scrutinise the bills and prepare a statement of remuneration claims by Additional Examiners and send it to the Controller of Examinations on his residential address.

4. In preparing the statement the Chairman may group the Additional Examiners college wise.

5. As soon as the statements are received from the Chairman, remuneration cheques in respect of the Examiners will be prepared and despatched to the Principals concerned.

6. The Examiners can collect the cheques from Principals on production of a certificate from the Chief to the effect that they have submitted the mark books to the Chiefs within the stipulated dates. In the case of Chief Examiners they themselves may certify that the mark books have already been sent to the Chairman.

7. The cheques remaining unclaimed for more than 21 days after the issue of first cheque to the Examiner may be returned by the Principal to the University, by Registered post.

8. The Additional Examiners may be informed that if submission of mark books is delayed they will not enjoy the benefit of this mode of payment as detailed above.

9. The Chairman will forward the remuneration bills, mark books and confidential reports received from the Additional Chiefs to the University along with the mark books as usual.

REGISTRAR

## VACATION DUTY FOR STAFF

No. Estt. A2/28917 85/L. Dis/Coll. Edn

Tvm., Dated, 29-4-85

Circular

*Sub*:- Establishment-Collegiate Education Department posting of staff for vacation duty-reg.

It has come to the notice of the Diretor of Collegitae Education that Principal of certain colleges under this Directorate are posting professors, lecturers and other staff for vacation duty for indexing chemicals, apparatus etc. in the Laboratory during mid summer vacation without taking into account the actual need and seek ratification. No uniform standards is being followed in this matter. In the circumstances the following orders are issued.

All Principals of the colleges under this Directorate are hereby authorised to post for vacation duty one Lecturer or one Junior Lecturer and a class IV officer/attender for indexing of chemicals, apparatus etc. in a lab for a period of 30 (thirty) working days in colleges having post graduate courses in the subject and for 14 (fourteen) working days in colleges having no post graduate courses in the subject.

Sd/-

Mathew P. Abraham,
Administrative Officer,
For Director of Collegiate Education.

---

## പ്രൊഫ. ആർ നടരാജൻ നിര്യാതനായി




കൊല്ലം എസ്.എൻ. കോളേജ് ഹിന്ദി വിഭാഗത്തിലെ അദ്ധ്യാപകനും എ. കെ. പി. സി. ടി. എ. സ്റ്റേറ്റ് കൗൺസിൽ അംഗവുമായിരുന്ന പ്രൊഫ. ആർ. നടരാജൻ ആഗസ്റ്റ് മാസം 22-ന് ഹൃദയസ്തംഭനം മൂലം നിര്യാതനായി അദ്ദേഹത്തിന് 49 വയസ്സ് പ്രായമായിരുന്നു. 2 മാസത്തിനുമുമ്പ് ഹൃദ്രോഗ ബാധയെ തുടർന്ന് ചികിത്സയിലായിരുന്നു.

അദ്ദേഹം രോഗവിമുക്തനായി എന്നുതോന്നിയപ്പോഴാണ് ആകസ്മികമായ അന്ത്യം സംഭവിച്ചത്. എ. കെ. പി. സി ടി. എ. നയിച്ചിട്ടുള്ള എല്ലാ സമരങ്ങളിലും പ്രൊഫ. നടരാജൻ സജീവമായി പങ്കെടുത്തിട്ടുണ്ട്. രണ്ട് കുട്ടികളുടെ പിതാവാണദ്ദേഹം. മകൻ പ്രീഡിഗ്രി ക്ലാസിലും മകൾ നാലാം ക്ലാസിലും പഠിക്കുന്നു.

## പ്രൊഫ. ബലറാം മൂസതിനു യാത്രയയപ്പ്

കൊല്ലം ഫാത്തിമാമാതാ നാഷണൽ കോളേജ് എ. കെ. പി. സി. ടി. എ. ബ്രാഞ്ച് പ്രസിഡൻറും ഇംഗ്ലീഷ് വിഭാഗത്തിൻെറ മേധാവിയുമായിരുന്ന പ്രൊഫ. ബലറാം മൂസത് സർവ്വീസിൽനിന്നും വിരമിച്ചു. കഴിഞ്ഞ ഒന്നര വ്യാഴവട്ടക്കാലം തൻെറ അനിതരസാധാരണമായ കഴിവുകൾ വിദ്യാർത്ഥികൾക്കും സമൂഹത്തിനും വേണ്ടി വിനിയോഗിച്ച പ്രൊഫ. മൂസത് സെനററംഗം എന്ന നിലയിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഫാത്തിമായിലെ എ. കെ. പി. സി. ടി. എ. ബ്രാഞ്ച്, സൗഹൃദമധുരമായ യാത്രയയപ്പ് അദ്ദേഹത്തിനു നല്കി. സിൻഡിക്കേററംഗം പ്രൊഫ. എ. ആൻറണി, ബ്രാഞ്ച് പ്രസിഡൻറ് പ്രൊഫ. തോമസ് വി. ലൂക്ക്, സെക്രട്ടറി പ്രൊഫ. പി. ഗോപിക്കുട്ടൻ, പ്രൊഫ. എ. വൈററസ് പ്രൊഫ. കെ. ജി. തോമസ് തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു



പ്രൊഫ. ബലറാം മൂസതിനു നൽകിയ യാത്രയയപ്പു സമ്മേളനത്തിൽ ബ്രാഞ്ച് സെക്രട്ടറി സംസാരിക്കുന്നു. ബ്രാഞ്ച് പ്രസിഡൻറ് പ്രൊഫ. തോമസ് വി. ലൂക്ക് പ്രൊഫ. മൂസത് എന്നിവരാണ് സമീപം.

---

## ഹരിദാസ് കൈമൾ സ്കൂട്ടറപകടത്തിൽ മരിച്ചു.

വാഴൂർ എൻ. എസ്. എസ്. കോളേജ് കോമേഴ്സ് അദ്ധ്യാപകനായ ശ്രീ. ഹരിദാസ് കൈമൾ ചങ്ങനാശ്ശേരിക്കടുത്തുവച്ചുണ്ടായ സ്കൂട്ടറപകടത്തിൽ അന്തരിച്ചു. പരീക്ഷാ പേപ്പർ ചീഫ് എക്സാമിനറെ ഏൽപിക്കാനായി പോകുമ്പോൾ ശ്രീ. കൈമൾ സഞ്ചരിച്ചിരുന്ന സ്കൂട്ടറിൽ നിയന്ത്രണം വിട്ടുപാഞ്ഞുവന്ന ഒരു മിനി ലോറി ഇടിച്ചാണ് അപകടമുണ്ടായത്.

എ. കെ. പി. സി. ടി. എ.യുടെ സജീവ പ്രവർത്തകനായിരുന്ന ശ്രീ. കൈമൾ കഴിഞ്ഞ വർഷം സ്റേററ് കൗൺസിൽ അംഗവുമായിരുന്നു. മട്ടന്നൂർ കോളേജ്, എം. ജി. കോളേജ് എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ശ്രീ. കൈമൾക്ക് ഭാര്യയും ഒരു മകനുമുണ്ട്.

kerala private college teacher
monthly journal of the all kerala private college teachers' association
No. 58 R. No. M. 30625

# എ.കെ.പി.സി.ടി.എ

## 13-ാം കൺവൻഷ

*1986 ഫെബ്രുവരി*

*തിരുവനന്തപുരം*

കൺവൻഷൻ ദിവസം പ്രസിദ്ധീകരിക്കുന്നു

# കേരളാ പ്രൈവററ് കോളേജ് ടീച്ചർ
# കൺവൻഷൻ സ്പെഷ്യൽ

ഏതാനും പേജുകൾ പരസ്യങ്ങൾക്ക

എഴുതു

ചീഫ് എഡിററ
കേരള പ്രൈവററ് കോളേജ് ടീച്ച
വസന്തം, ചെമ്പകശേരി നഗ
കേശവദാസപുരം, തിരുവനന്തപുരം

printed and published by v. narayanankutty at CHEMPAKA Printers, trivandrum-4 phone: 82127
chief editor: v. n. murali.